# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

11.06.2013ൽ
മറുപടിക്ക്.

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 38

### എമർജിംഗ് കേരളയുടെ ഭാഗമായുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസ് തെറ്റയിൽ<br>ശ്രീ.മാത്യു റ്റി.തോമസ്<br>ശ്രീ. സി.കെ.നാണു.<br>ശ്രീമതി. ജമീല പ്രകാശം | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും<br>വകുപ്പുമന്ത്രി) |
| എ) എമർജിംഗ് കേരളയുടെ ഭാഗമായി വിവിധ വകുപ്പുകളുടെ പരിഗണനയിൽ ഇരിക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;<br><br>ബി) പ്രസ്തുത പദ്ധതികൾ എവിടെയൊക്കെയാണ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നത് ? | (എ) യും (ബി)യും<br><br>2012 സെപ്തംബർ 12 മുതൽ 14 വരെ കൊച്ചിയിൽ നടന്ന എമർജിംഗ് കേരള നിക്ഷേപക സംഗമത്തിൽ വിവിധ വകുപ്പുകളിലായി 176 പദ്ധതി നിർദ്ദേശങ്ങളാണ് ലഭിച്ചത്. ഈ പദ്ധതി നിർദ്ദേശങ്ങളുടെ തുടർ നടപടികൾ അതത് വകുപ്പുകൾ മുഖേന നടത്തി വരുന്നു. ഇവയിൽ വ്യവസായ വകുപ്പിന് കീഴിലുള്ള 46 പദ്ധതി നിർദ്ദേശങ്ങളിൽ കെ.എസ്.ഐ.ഡി.സിയും കിൻഫ്രയും നടപടി സ്വീകരിച്ച് വരുന്നു.<br><br>ഇവയിൽ 12,000/ - കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്ന ബി.പി.സി.എല്ലിന്റെ കൊച്ചി റിഫൈനറിയുടെ എക്സ്പാൻഷൻ പ്രോജക്ടിന് 2013 ജനുവരിയിൽ ബഹു.പ്രധാനമന്ത്രി ശിലാസ്ഥാപനം നടത്തി. കൊറിയയിലെ എൽ.ജി.കെമിക്കൽസുമായി ചേർന്നു നടപ്പിലാക്കുന്ന പെട്രോകെമിക്കൽ സംയുക്ത സംരംഭത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരികയാണ്. ടൂറിസം വകുപ്പിന് കീഴിൽ കേരളത്തിലെ സുപ്രധാന ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന സീപ്ലെയിൻ പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു കഴിഞ്ഞു. |

കൊച്ചിയിലെ കണ്ടെയിനർ ഫ്രൈറ്റ് സ്റ്റേഷൻ, ഉന്നത വിദ്യഭ്യാസ വകുപ്പുമായി സംയോജിച്ചു നടത്തുന്ന ആട്ടോമോട്ടീവ് മെക്കാട്രോണിക്സ് കോഴ്സ്, കേരളത്തിലെ 16 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന ആട്ടോമോട്ടീവ് ടെക്നോളജിയിലെ വിജ്ഞാന കേന്ദ്രങ്ങൾ എന്നീ പദ്ധതികൾ പുരോഗമിച്ചു വരുന്നു.

ഭക്ഷ്യസംസ്കരണം, കെട്ടിട നിർമ്മാണ മേഖലയിലെ പ്രീകാസ്റ്റ് ഉൽപ്പന്നങ്ങളുടെ നിർമ്മാണം, ബയോ-മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണം, HDPE സ്റ്റോറേജ് ടാങ്കുകളുടെ നിർമ്മാണം, സോളാർ പാനലുകളുടെ നിർമ്മാണം മുതലായ പദ്ധതികളിലെ തുടർനടപടികൾ പൂർത്തിയായി വരുന്നു. കൂടാതെ ടൂറിസം വകുപ്പിന് കീഴിലുള്ള ടൂറിസം ടൗൺഷിപ്പ് പദ്ധതികൾ, കൺവെൻഷൻ സെന്റർ, മുതലായ പദ്ധതികളും പുരോഗമിച്ചുവരുന്നു. ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിലുള്ള പദ്ധതികളായ തിരുവനന്തപുരത്ത് തുടങ്ങാനുദ്ദേശിക്കുന്ന കിഡ്സ് ലാബ്, കോട്ടയത്തു തുടങ്ങുന്ന ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക് സയൻസ്, തിരുവനന്തപുരത്തെ റിസർച്ച് പാർക്ക്, ഹെർബൽ മെഡിസിനൽ കിറ്റുകളുടെ നിർമ്മാണം എന്നിവയും മറ്റു പദ്ധതികളും പരിസ്ഥിതി ക്ലിയറൻസ്, വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ എന്നീ ഘട്ടങ്ങളിലാണ്.

എമർജിംഗ് കേരളയിൽ ലഭിച്ച പദ്ധതി നിർദ്ദേശങ്ങളിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്ന പ്രധാന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**